തന്നെ അത് കൊടുക്കും. ഇത് കിട്ടുമെന്ന് വിചാരിച്ചാണ് അവർ 100 രൂപയെന്നുള്ളത് 150 രൂപയാക്കിയത്. ഇത് കൊടുക്കുകയില്ലെന്നു പറഞ്ഞാൽ അവർ എന്ത് ചെയ്യും? നിശ്ചയമായും ഗവണ്മെന്റ് അതിൽ അറച്ച് നിൽക്കുകയില്ല. ആ പണം കൊടുക്കാൻ ഗവണ്മെന്റ് ബാദ്ധ്യസ്ഥമാണ്. അത് ഗവണ്മെന്റിന്റെ ബാദ്ധ്യതയാണ്. ആ ബാദ്ധ്യത നിറവേറ്റുകതന്നെ ചെയ്യും.

മി. സ്പീക്കർ : ഇന്ന് ലോക വനിതാ ദിനമാണല്ലോ; വനിതകൾക്കു വേണ്ടി എന്താണ് ചെയ്യാൻ കഴിയുക. ആദ്യത്തെ സബ്മിഷൻ അവർക്ക് കൊടുക്കാം.

IV. സബ്മിഷൻ

(1) ഇടതുപക്ഷ ജനാധിപത്യ മഹിളാ സംയുക്ത സമിതിയുടെ രാജ്ഭവൻ മാർച്ച്

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ഇന്ന് മാർച്ച് 8 ആണ്. സാർവ്വദേശീയ മഹിളാ ദിനമാണ്. ലോകത്തെമ്പാടുമുള്ള സ്ത്രീകൾ ഇന്ന് അവകാശ ദിനം ആചരിക്കുകയാണ്. സ്ത്രീകളുടെ പ്രശ്നങ്ങളും അവകാശങ്ങളുമുൾക്കൊള്ളുന്ന നിവേദനം എല്ലാ ഭരണത്തലവൻമാർക്കും സമർപ്പിച്ചുകൊണ്ട് ഈ ദിനം ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി പതിനായിരക്കണക്കിന് സ്ത്രീകൾ പാർലമെന്റിലേയ്ക്ക് മാർച്ച് ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്ത് രാജ്ഭവനിലേയ്ക്കും ജില്ലാ കേന്ദ്രങ്ങളിലേയ്ക്കും മാർച്ച് നടത്തുകയാണ്. ദാരിദ്ര്യം തുടച്ചുമാറ്റുന്നതിനും ലോകത്തിലെ സമ്പത്ത് മുഴുവൻ മനുഷ്യർക്കും തുല്യമായി വിതരണം ചെയ്യാനും സ്ത്രീകൾക്കു നേരെ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഇടതുപക്ഷ സംയുക്തസമിതിയുടെ ആഭിമുഖ്യത്തിൽ മാർച്ച് നടക്കുന്നത്. വനിതാ സംവരണവുമുണ്ട്. ഏതൊരു പ്രശ്നത്തിന്റേയും ദുരന്തഫലം അനുഭവിക്കേണ്ടിവരുന്നത് സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന സ്ത്രീകളാണ്. പുരോഗതിയിൽ നിന്ന് പുരോഗതിയിലേയ്ക്ക് എന്നുപറഞ്ഞുകൊണ്ട് കഴിഞ്ഞ പത്ത് വർഷമായി ഇന്ത്യാ രാജ്യത്ത് അടിച്ചേൽപ്പിച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായി നടപ്പാക്കിയ സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഇന്ത്യയെ വലിയ കടക്കെണിയിലേയ്ക്കും ദാരിദ്ര്യത്തിലേയ്ക്കുമാണ് നയിച്ചത്. ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ തന്നെ നമ്മുടെ അർദ്ധപ്പട്ടിണിക്കാരെ മുഴുപ്പട്ടിണിക്കാരാക്കാനാണ് സഹായിക്കുക. കൂട്ടു കുടുംബ ആത്മഹത്യതന്നെ നടന്നുകൊണ്ടിരിക്കുകയാണ്. അത്തരം വാർത്തകൾ പത്രങ്ങളിൽ വരുന്നുണ്ട്. ദാരിദ്ര്യം സ്ത്രീ-പുരുഷ വ്യത്യാസങ്ങളെ വലുതാക്കുന്നു.

ഇൻഡ്യയിലെ പരമദരിദ്രരായ 40 കോടി ജനങ്ങളിൽ 55 ശതമാനം പേർക്കും വീടില്ല. അതിൽ 35 ശതമാനം കുടുംബങ്ങളിലും സ്ത്രീകളാണു കുടുംബ നാഥകളായിട്ടുള്ളതാണ്. അവർക്ക് താങ്ങാൻ കഴിയാത്ത വിധത്തിലാണ് ഇപ്പോഴത്തെ കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. സ്ത്രീകൾക്കെതിരായുള്ള അക്രമങ്ങൾ രാജ്യവ്യാപകമായി വർദ്ധിച്ചു വരികയാണ്. സ്ത്രീകളുടെ നേരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് കുറ്റവാളികളുടെ മേൽ കർശനമായ നടപടി സ്വീകരിക്കണം. അവരുടെ സംരക്ഷക്ക് ഒരു അനാസ്ഥയുണ്ടാകാൻ പാടില്ല. കേരളത്തിൽ സ്ത്രീയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കുന്നതിനാവശ്യമായ വിധത്തിൽ നിലവിലുള്ള നിയമങ്ങളുടെ സംരക്ഷണം അവർക്ക് ലഭിക്കുന്നുണ്ടെന്നുള്ളത് ഇത്തരുണത്തിൽ ഞാൻ സ്മരിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള വേദികളിലും

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭകളിലും ലോകസഭകളിലും സ്ത്രീകൾക്കുള്ള പ്രാതിനിധ്യം കുറവാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്നറിയപ്പെടുന്ന ഇൻഡ്യ മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 68-ാം സ്ഥാനത്താണ് നിൽക്കുന്നത്. 543 അംഗങ്ങളുള്ള പാർലമെന്റിൽ 49 സ്ത്രീയംഗങ്ങളാണുള്ളത്. വെറും 9 ശതമാനം. മറ്റൊരു ബില്ലിനും ഉണ്ടാകാത്ത ഒരു ഗതികേടാണ് വനിതാ ബില്ലിന് പാർലമെന്റിൽ അനുഭവിക്കേണ്ടിവന്നിട്ടുള്ളത്. തെരഞ്ഞെടുപ്പ് സമയങ്ങളിൽ എല്ലാ രാഷ്ട്രീയ കക്ഷികളും വളരെ ഗൗരവതരമായി സംവരണത്തെക്കുറിച്ച് വാചാലമായി പ്രസംഗിക്കുന്നുണ്ടെങ്കിലും പാർലമെന്റിൽ പോയാൽ ഇടതുപക്ഷ പാർട്ടികളൊഴിച്ച് ബാക്കി ആരുംതന്നെ ഇതിനുനേരെ ശക്തമായ വാദം ഉന്നയിക്കുന്നില്ലെയെന്നുള്ളത് ഇത്തരുണത്തിൽ സ്മരിക്കുകയാണ്. ഒരു സംസ്ഥാന ഗവണ്മെന്റിന് ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ കഴിയില്ലെന്ന് അറിയാം. എങ്കിലും സംസ്ഥാന ഗവണ്മെന്റിന്റെ അധികാര പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, മാർച്ച്-8 സാർവ്വദേശീയ വനിതാദിനമായി ആചരിക്കുകയാണ്. ഈ ദിനം നമ്മുടെ സംസ്ഥാനത്ത് സമഗ്രമായി ആഘോഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിന് ആവശ്യമായ ചർച്ചകൾ, സെമിനാറുകൾ, പൊതുയോഗങ്ങൾ എന്നിവ സംസ്ഥാന തലസ്ഥാനത്തും വിവിധ ജില്ലാ ആസ്ഥാനത്തും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾക്കുനേരെയുണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതിന് വനിതാ കമ്മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. വനിതാ വികസന കോർപ്പറേഷൻ വനിതകൾക്ക് തൊഴിൽ സാദ്ധ്യത കണ്ടെത്തുന്നതിനും സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനും സഹായകരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. തെരഞ്ഞെടുപ്പിൽ 33 ശതമാനം സ്ത്രീ സംവരണം ഏർപ്പെടുത്തുന്ന കാര്യത്തിൽ അനുഭാവപൂർവമായ സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. രാജ്യത്തെ വിവിധ വിഭാഗം ജനങ്ങൾ, പ്രത്യേകിച്ചും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മഹിളാ സംഘടനകളോടൊപ്പം മറ്റ് ബഹുജന പ്രസ്ഥാനങ്ങളുടേയും കൂട്ടായ പ്രവർത്തനം ആവശ്യമാണെന്ന് ഈ സർക്കാർ കരുതുന്നു.

(2) കാസർഗോഡ് ജില്ലയിലെ കൊട്ടോടിയിൽ സി.പി.ഐ. (എം) പ്രവർത്തകരുടെ നേർക്കുണ്ടായ ആക്രമണം

ശ്രീ. പി. രാഘവൻ : സർ, കഴിഞ്ഞ ശനിയാഴ്ച രാത്രി കാഞ്ഞങ്ങാട് പനത്തടി പഞ്ചായത്തിലെ കൊട്ടോടിയിൽ ബി.ജെ.പി./ആർ.എസ്.എസ്. ക്രിമിനലുകൾ നടത്തിയ ആക്രമണത്തിൽ പരിക്കേറ്റ് ഗുരുതരമായ സ്ഥിതിയിൽ ഏഴ് സി.പി.ഐ. (എം) പ്രവർത്തകരെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇതിൽ പാപ്പച്ചൻ, പ്രിൻസി എന്നിവരുടെ സ്ഥിതി അതീവ ഗുരുതരമാണ്. ഡി.വൈ.എഫ്.ഐ. യൂണിറ്റ് പ്രസിഡന്റ് ജോൺസൺ, സെക്രട്ടറി രാജു, സഹോദരൻ ബിജു, നാസർ, മാർട്ടിൻ എന്നിവർ കാഞ്ഞങ്ങാട് ആശുപത്രിയിലാണ്. കൊട്ടോടി ബസാറിൽ വന്ന് രാത്രി വീട്ടിലേയ്ക്ക് പോകുമ്പോഴാണ് ആക്രമണം നടന്നത്. രാത്രി 12.00 മണിയോടെ വീണ്ടും സംഘടിച്ച്

LIBRARY ARCHIVES Kerala Legislative Assembly